# മഹാത്മാഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2021 ഒക്ടോബർ 20

# വാർത്താക്കുറിപ്പ്

## സീറ്റൊഴിവ്

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസിൽ മാസ്റ്റർ ഓഫ് ടൂറിസം ആന്റ് ട്രാവൽ മാനേജ്മെന്റ് (എം.ടി.ടി.എം) പ്രോഗ്രാമിൽ 2021-22 ബാച്ചിൽ എസ്.സി., എസ്.ടി. വിഭാഗങ്ങൾക്കായുള്ള ഒന്ന് വീതം സീറ്റുകളിൽ ഒഴിവുണ്ട്. ഏതെങ്കിലും വിഷയത്തിലുള്ള ബിരുദമാണ് യോഗ്യത. താത്പര്യമുള്ളവർ അസൽ സർട്ടിഫിക്കറ്റുകളുമായി ഒക്ടോബർ 25ന് രാവിലെ 11 ന് പഠനവകുപ്പിൽ എത്തണം. വിശദവിവരത്തിന് ഫോൺ: 0481-2732922, 9847700527.

(പി.ആർ.ഒ/39/1133/2021)

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് റിഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരത്തോടെ നടത്തുന്ന എം.എ. സോഷ്യൽ വർക് ഇൻ ഡിസെബിലിറ്റി സ്റ്റഡീസ് ആന്റ് ആക്ഷൻ എന്ന കോഴ്സിൽ എസ്.ടി. വിഭാഗക്കാർക്കായി സംവരണം ചെയ്തിട്ടുള്ള സീറ്റിൽ ഒരു ഒഴിവുണ്ട്. താല്പര്യമുള്ളവർ അസൽ സർട്ടിഫിക്കറ്റുകളുമായി ഒക്ടോബർ 22ന് രാവിലെ 11.30ന് പഠനവകുപ്പിൽ ഹാജരാകണം. മഹാത്മാഗാന്ധി സർവകലാശാല അംഗീകരിച്ച ബിരുദമാണ് പ്രവേശനത്തിനുള്ള അടിസ്ഥാന യോഗ്യത. വിശദവിവരം 0481-2731034 എന്ന ഫോൺ നമ്പറുകളിലും www.sobs.mgu.ac.in എന്ന വെബ് സൈറ്റിലും ലഭിക്കും.

(പി.ആർ.ഒ/39/1134/2021)

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് പ്യുവർ ആന്റ് അപ്ലൈഡ് ഫിസിക്സിലെ എം.എസ് സി. ഫിസിക്സ് (2021 അഡ്മിഷൻ) ബാച്ചിൽ എസ്.ടി. വിഭാഗത്തിൽ ഒരു സീറ്റൊഴിവുണ്ട്. സർവകലാശാല പി.ജി. പ്രവേശനത്തിന് 2021 പ്രോസ്പെക്ടസ് പ്രകാരം യോഗ്യരായ വിദ്യാർഥികൾ അസൽ യോഗ്യത രേഖകളുമായി ഒക്ടോബർ 22ന് വൈകീട്ട് മൂന്നിന് പഠനവകുപ്പിൽ നേരിട്ട് എത്തണം. ഫോൺ: 0481-2731043.

(പി.ആർ.ഒ/39/1135/2021)

## പരീക്ഷഫലം

2021 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ നടത്തിയ രണ്ടാം സെമസ്റ്റർ മാസ്റ്റർ ഓഫ് ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് (റഗുലർ - 2019 അഡ്മിഷൻ/ 2016 അഡ്മിഷൻ മാത്രം സപ്ലിമെന്ററി (മേഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് നവംബർ രണ്ടുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/1136/2021)

2020 മാർച്ചിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ് സി. ഓപ്പറേഷൻസ് റിസർച്ച് ആന്റ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ രണ്ടുവരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1137/2021)

2021 സെപ്റ്റംബറിൽ സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസ് നടത്തിയ രണ്ടും മൂന്നും സെമസ്റ്റർ റീ-അപ്പിയറൻസ് ആന്റ് നാലാം സെമസ്റ്റർ റഗുലർ എം.എസ് സി. കമ്പ്യൂട്ടർ സയൻസ് (2019 -21 ബാച്ച്, സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/1138/2021)

## സിവിൽ സർവീസ് പരിശീലനം; അപേക്ഷ ക്ഷണിച്ചു

മഹാത്മാഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്ന സിവിൽ സർവീസ്

ബാച്ചുകൾക്ക് പുറമെ ഫൗണ്ടേഷൻ ക്ലാസുകൾക്കും പ്രവേശനം നേടാം. റഗുലർ ബാച്ചുകാർക്ക് ആഴ്ചയിൽ അഞ്ചു ദിവസം ക്ലാസ്സ് ഉണ്ടായിരിക്കും. ഈവനിംഗ് ബാച്ചിന് ക്ലാസുകൾ ഓൺലൈനായിരിക്കും. ഫൗണ്ടേഷൻ ക്ലാസുകൾ എല്ലാ ഞായറാഴ്ചകളിലും മതപരമല്ലാത്ത പൊതു അവധി ദിവസങ്ങളിലുമായാണ് നടക്കുക.

പ്രായം 2022 ജനുവരി ഒന്നിന് 15നും 30നും ഇടയിലായിരിക്കണം. അർഹരായ വിഭാഗങ്ങളിൽപ്പെട്ടവർക്ക് നിയമാനുസൃതമായ വയസിളവ് അനുവദിക്കും. പ്രവേശന പരീക്ഷയുടേയും ഇന്റർവ്യൂവിന്റെയും അടിസ്ഥാനത്തിലായിരിക്കും പരിശീലനാർഥികളെ തെരഞ്ഞെടുക്കുക. ഇതിലേക്കുള്ള അപേക്ഷകൾ നവംബർ 24 വരെ സമർപ്പിക്കാം. ജനറൽ വിഭാഗത്തിൽപ്പെടുന്നവർക്ക് 30000 രൂപയും പട്ടികവിഭാഗങ്ങളിൽപ്പെടുന്നവർക്ക് 15000 രൂപയുമാണ് കോഴ്സ് ഫീസ്. റഗുലർ വിഭാഗക്കാർക്ക് ഒരു വർഷവും ഈവനിംഗ് ബാങ്കുകാർക്ക് ഒന്നര വർഷവും ഫൗണ്ടേഷൻ കോഴ്സിന് ചേരുന്നവർക്ക് രണ്ട് വർഷവുമായിരിക്കും പരിശീലനത്തിൻ്റെ കാലാവധി. അപേക്ഷാ ഫോറവും യോഗ്യത സംബന്ധിച്ച വിവരങ്ങളും www.mgu.ac.in എന്ന വെബ് സൈറ്റിൽ ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ - 9188374553, ഇ-മെയിൽ -civilserviceinstitute@mgu.ac.in

(പി.ആർ.ഒ/39/1139/2021)

## പ്രഭാഷണ പരമ്പര

മഹാത്മാഗാന്ധി സർവ്വകലാശാലയ്ക്ക് കീഴിലുള്ള സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസ്, കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലുമായി സഹകരിച്ച് സംഘടിപ്പിച്ചിട്ടുള്ള ശാസ്ത്ര പ്രഭാഷണ പരമ്പര വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്തു. ഒക്ടോബർ 23 വരെ നീണ്ടു നിൽക്കുന്ന പ്രഭാഷണ പരമ്പരയിൽ ജർമ്മനിയിലെ സീജെൻ സർവ്വകലാശാലയിൽ നിന്നുള്ള പ്രമുഖ ഗവേഷകൻ പ്രൊഫ. ഹോൾഗർ ഷോനർ ആണ് "മൈക്രോസ്കോപ്പി ഫോർ അനലൈസിംഗ് സോഫ്റ്റ് മാറ്റർ' എന്ന വിഷയത്തെ അധികരിച്ച് പ്രഭാഷണങ്ങൾ നടത്തുന്നത്. ദിവസവും വൈകിട്ട് അഞ്ചിന് ആരംഭിക്കുന്ന പരിപാടിയിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ 9446711043, 9400 630 354 എന്ന ഫോൺ നമ്പറുകളിൽ ബന്ധപ്പെടണം.

(പി.ആർ.ഒ/39/1140/2021)

## മോട്ടിവേഷണൽ സീരീസ്

മഹാത്മാഗാന്ധി സർവകലാശാല ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന മോട്ടിവേഷണൽ സീരീസിന്റെ നാലാമത്തെ പരിപാടി ഒക്ടോബർ 22ന് വൈകീട്ട് 7.30ന് ഓൺലൈനായി നടക്കും. റിട്ട. ഡി.ജി.പി. ഋഷിരാജ് സിംഗ് 'കുട്ടികളിലെ മൊബൈൽ ഫോൺ ദുരുപയോഗം, സൈബർ കുറ്റകൃത്യങ്ങളും പ്രതിവിധികളും' എന്ന വിഷയത്തിൽ സംസാരിക്കും. സൂം ഓൺലൈൻ പ്ലാറ്റ്ഫോം ലിങ്കിലൂടെയും സർവകലാശാല ലൈബ്രറി ഫേസ്ബുക്ക് പേജിലൂടെയും പരിപാടിയിൽ പങ്കെടുക്കാം. വിശദവിവരത്തിന് ഫോൺ: 9846496323, 9446238800.

(പി.ആർ.ഒ/39/1141/2021)

**പി.സി. സുരേഷ് കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ